# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.633 — 05.06.2018-ൽ മറുപടിയ്ക്ക്

## റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക്

| ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ പ്രഖ്യാപിച്ച റബ്ബർ അധിഷ്ഠിതമായ വ്യവസായ പാർക്ക് പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പാറത്തോട്ടിൽ സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | എ) & ബി) പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പാറത്തോട് പഞ്ചായത്തിൽ ഉൾപ്പെടുന്ന ട്രോപ്പിക്കൽ പ്ലാന്റേഷൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള 226 ഹെക്ടർ റബ്ബർ എസ്റ്റേറ്റിൽ നിന്നും 100 ഏക്കർ സ്ഥലം (40.5 ഹെക്ടർ) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ഒരു ആറിന് 4,94,000/- രൂപ വിലയ്ക്ക് സർക്കാരിന് നല്കുവാൻ തയ്യാറാണെന്ന് ടി സ്ഥാപനം അറിയിച്ചിട്ടുണ്ട്. ടി സ്ഥലം കാഞ്ഞിരപ്പള്ളി തഹസീൽദാർ, വില്ലേജാഫീസർ, കാഞ്ഞിരപ്പള്ളി താലൂക്ക് വ്യവസായ ആഫീസർ എന്നിവർ ചേർന്ന് പരിശോധിച്ച് വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ പരിഗണനക്ക് നല്കിയിട്ടുണ്ട്. സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായ ശേഷം മാത്രമേ ഇക്കാര്യത്തിൽ നടപടി സാധ്യമാകുകയുള്ളൂ. |
| ബി) പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ